2026
APRIL
10
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# പാചകവാതക പൂഴ്ത്തിവെയ്പ്പ്; 56,000ത്തിലധികം എൽപിജി സിലിണ്ടറുകൾ പിടിച്ചെടുത്തു

**ന്യൂഡൽഹി:** പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് പാചകവാതകം പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും തടയുന്നതിനുള്ള നടപടികൾ രാജ്യത്തുടനീളം തുടരുന്നു. സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഇന്നലെ മാത്രം 4000 റെയ്ഡുകൾ നടത്തുകയും 1000സിലിണ്ടറുകൾ പിടിച്ചെടുക്കുകയും ചെയ്തു. രാജ്യത്തുടനീളം ഇതുവരെ 56,000ത്തിലധികം എൽപിജി സിലിണ്ടറുകൾ പിടിച്ചെടുത്തതായി കേന്ദ്രസർക്കാർ വ്യക്തമാക്കി. പൊതുമേഖലാ എണ്ണ വിതരണ കമ്പനികൾ മിന്നൽ പരിശോധനകൾ ശക്തമാക്കുകയും 1770ലധികം കാരണം കാണിക്കൽ നോട്ടീസുകൾ നൽകുകയും ചെയ്തു. കൂടാതെ 175 എൽപിജി വിതരണ കേന്ദ്രങ്ങൾക്ക് പിഴ ചുമത്തുകയും 51 വിതരണകേന്ദ്രങ്ങളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും ചെയ്തു. നിലവിലെ ഭൗമരാഷ്ട്രീയ സാഹചര്യം എൽപിജി വിതരണത്തെ ബാധിക്കുന്നത് തുടരുന്നുണ്ട്.

എൽപിജി വിതരണ കേന്ദ്രങ്ങളിലൊന്നും ഇന്ധനം തീർന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഓൺലൈൻ എൽപിജി സിലിണ്ടർ ബുക്കിംഗ് വ്യവസായത്തിൽ ഉടനീളം 95 ശതമാനമായി വർദ്ധിച്ചു. വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിനായി, ഡെലിവറി ഓതന്റിക്കേഷൻ കോഡ് (DAC) അടിസ്ഥാനമാക്കിയുള്ള വിതരണം ഏകദേശം 91 ശതമാനമായി ഉയർന്നു.

ഗാർഹിക എൽപിജി സിലിണ്ടറുകളുടെ വിതരണം സാധാരണ നിലയിലാണ്. 2026 ഏപ്രിൽ 7ന് 53.5 ലക്ഷത്തിലധികം ഗാർഹിക എൽപിജി സിലിണ്ടറുകൾ വിതരണം ചെയ്തു. മൊത്തം വാണിജ്യ എൽപിജി വിഹിതം പ്രതിസന്ധിക്ക് മുമ്പുള്ള അളവിന്റെ ഏകദേശം 70 ശതമാനമായി വർദ്ധിപ്പിച്ചു.

ഇതിൽ 10 ശതമാനം പരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട വിഹിതമാണ്. ഫാർമ, ഭക്ഷണം, പോളിമർ, കൃഷി, പാക്കേജിംഗ്, പെയിന്റ്, യുറേനിയം, ഹെവി വാട്ടർ, സ്റ്റീൽ, വിത്തുകൾ, ലോഹം, സെറാമിക്, ഫൗണ്ടറി, ഫോർജിംഗ്, ഗ്ലാസ്, എയറോസോൾ തുടങ്ങിയ മേഖലകളിലെ വ്യവസായ യൂണിറ്റുകൾക്കും 2026 മാർച്ചിന് മുൻപുള്ള അവയുടെ മൊത്തം ഗാർഹികേതര എൽ പിജി ഉപഭോഗത്തിന്റെ 70 ശതമാനം ലഭിക്കും. ഇത് പ്രതിദിനം 0.2 ടിഎംടി എന്ന മൊത്തം സെക്ടറൽ പരിധിക്ക് വിധേയമായിരിക്കും.

ഈ വിഹിതത്തിന് കീഴിൽ ബൾക്ക് എൽപിജി ലഭിക്കുന്നതിന്, എണ്ണ വിതരണ കമ്പനികളിൽ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട 2026 മാർച്ച് 21ലെ കത്തിലെ നിബന്ധനകളും, സിജിഡി സ്ഥാപനങ്ങൾക്ക് പിഎൻജി അപേക്ഷ നൽകുന്നത് സംബന്ധിച്ച നിബന്ധനകളും അതത് വ്യവസായങ്ങൾ പാലിച്ചിരിക്കണം.

എന്നാൽ, മേൽപ്പറഞ്ഞ വ്യവസായങ്ങൾ എൽപിജി ഒരു അവിഭാജ്യ ഘടകമായോ അല്ലെങ്കിൽ പ്രകൃതിവാതകം ഉപയോഗിച്ച് മാറ്റാൻ കഴിയാത്ത പ്രത്യേക ആവശ്യങ്ങൾക്കോ ആണ് ഉപയോഗിക്കുന്നതെങ്കിൽ, പിഎൻജി അപേക്ഷ നൽകണമെന്ന നിബന്ധന ഒഴിവാക്കുന്നതാണ്. കുടിയേറ്റ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി ഓരോ സംസ്ഥാനത്തും ലഭ്യമായ 5 കിലോ എഫ്.ടി.എൽ സിലിണ്ടറുകളുടെ ദൈനംദിന അളവ് ഇരട്ടിയാക്കുന്നതായി 2026 ഏപ്രിൽ 6ലെ കത്തിലൂടെ ഇന്ത്യാ ഗവണ്മെന്റ് അറിയിച്ചിട്ടുണ്ട്.

5 കിലോ എഫ്.ടി.എൽ സിലിണ്ടറുകൾ എണ്ണ വിതരണ കമ്പനികളുടെ സഹായത്തോടെ അതത് സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികൾക്ക് മാത്രം വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാരുകൾക്ക് വിട്ടുനൽകും. 2026 മാർച്ച് 23 മുതൽ ഏകദേശം 8.9 ലക്ഷം 5 കിലോഗ്രാം ഫ്രീ ട്രേഡ് എൽപിജി സിലിണ്ടറുകൾ വിറ്റഴിക്കപ്പെട്ടു. കഴിഞ്ഞ 5 ദിവസത്തിനിടെ പൊതുമേഖലാ എണ്ണ വിതരണ കമ്പനികൾ 5 കിലോ എഫ്.ടി.എൽ സിലിണ്ടറുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി 1600 ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതേത്തുടർന്ന് 14,000ത്തിലധികം 5 കിലോ സിലിണ്ടറുകൾ വിറ്റഴിക്കപ്പെടുകയും ചെയ്തു. ഏപ്രിൽ 7ന് രാജ്യത്തുടനീളം 1.1 ലക്ഷത്തിലധികം 5 കിലോ എഫ്.ടി.എൽ സിലിണ്ടറുകൾ വിറ്റഴിക്കപ്പെട്ടു. 2026 ഫെബ്രുവരിയിലെ പ്രതിദിന ശരാശരി 77,000 ആയിരുന്നു.

2026 മാർച്ച് 14 മുതൽ ഏകദേശം 93,085 മെട്രിക് ടൺ വാണിജ്യ എൽപിജി (ഇത് 49 ലക്ഷത്തിലധികം 19 കിലോഗ്രാം സിലിണ്ടറുകൾക്ക് തുല്യമാണ്) വിറ്റഴിക്കപ്പെട്ടു. ഇന്നലെ മാത്രം 6646 മെട്രിക് ടൺ വാണിജ്യ എൽ.പി.ജിയാണ് (3.5 ലക്ഷത്തിലധികം 19 കിലോ സിലിണ്ടറുകൾക്ക് തുല്യം) വിറ്റഴിക്കപ്പെട്ടത്.

## എറണാകുളം ജില്ലയിൽ 79.89 ശതമാനം പോളിംഗ്; ആലപ്പുഴയിൽ 77.39 ശതമാനം



**കൊച്ചി/ ആലപ്പുഴ:** നിയമസഭാ തിരഞ്ഞെടുപ്പിൽ എറണാകുളം ജില്ലയിൽ കനത്ത പോളിംഗ്. രാത്രി ഒമ്പതു വരെയുള്ള കണക്കനുസരിച്ച് ജില്ലയിൽ പോളിംഗ് 79.89 ശതമാനം കടന്നു. അന്തിമ കണക്കിൽ പോളിംഗ് ശതമാനം ഇനിയും ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 84.09 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയ കുന്നത്തുനാടാണ് ജില്ലയിൽ ഉയർന്ന പോളിംഗ് രേഖപ്പെടുത്തിയിരിക്കുന്ന നിയോജക മണ്ഡലം. 75.62 ശതമാനം പേർ വോട്ട് ചെയ്ത അങ്കമാലിയാണ് ഏറ്റവും കുറഞ്ഞ പോളിംഗ് ശതമാനം രേഖപ്പെടുത്തിയിരിക്കുന്നത്. ജില്ലയിലെ എട്ടു മണ്ഡലങ്ങളിൽ 80 ശതമാനത്തിലധികം പോളിംഗ് നടന്നു. പെരുമ്പാവൂർ-80.4, ആലുവ-80.78, കളമശേരി-81.59, പറവൂർ-81.96, വൈപ്പിൻ-80.5, കൊച്ചി-80.33, തൃപ്പൂണിത്തുറ-81.40, എന്നീ മണ്ഡലങ്ങളാണ് 80 ശതമാനത്തിലധികം പോളിംഗ് നടന്നത്. എറണാകുളം-78.17, തൃക്കാക്കര-78.85, പിറവം-76.43, മൂവാറ്റുപുഴ-78.11, കോതമംഗലം-79.30 എന്നിങ്ങനെയാണ് മറ്റു മണ്ഡലങ്ങളിലെ പോളിംഗ് ശതമാനം ആലപ്പുഴയിൽ നിയമസാഭാ തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് അവസാനിച്ചപ്പോൾ 79.89 ശതമാനം പോളിംഗ്. ഇന്നലെ രാത്രി 10.15 വരെയുള്ള കണക്കാണിത്.

അന്തിമ കണക്കിൽ ശതമാനത്തിൽ വ്യത്യാസം വരാം. അരൂർ-83.35, ചേർത്തല-82.07,ആലപ്പുഴ-81.29 ,അമ്പലപ്പുഴ - 80.75, കുട്ടനാട് -71.84 , ഹരിപ്പാട് -76.83, കായംകുളം, 75.85, മാവേലിക്കര- 72.61, ചെങ്ങന്നൂർ-71.05 എന്നിങ്ങനെയാണ് കണക്ക്.



# ഇന്നത്തെ പരിപാടി

## കൊച്ചി

■ **പനമ്പിള്ളി നഗർ-ചൈൽഡ് കെയർ സെന്റർ :** പഠന നിർണയ-നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 ന്.
■ **എറണാകുളം ലൂർദ്ദ് ആശുപത്രി :** ഓർത്തോപീഡിക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സൗജന്യ സന്ധിമാറ്റിവെക്കൽ നിർണ്ണയ ക്യാമ്പ് ഉച്ചയ്ക്ക് 2 മണി മുതൽ 5 മണിവരെ.

## കാലടി

■ **കാഞ്ഞൂർ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ :** കാഞ്ഞൂർ മരിയൻ ഫുട്ബോൾ അക്കാദമി സംഘടിപ്പിക്കുന്ന അവധിക്കാല ഫുട്ബോൾ പരിശീലനക്യാമ്പ് രാവിലെ 6.30 മുതൽ.
■ **മലയാറ്റൂർ സെന്റ്. തോമസ് പള്ളി :** തിരുനാൾ – രാവിലെ 7.30 ന് വിശുദ്ധ കുർബ്ബാന.

## തൃപ്പൂണിത്തുറ

■ **തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹൈസ്കൂൾ :** പൾസ് ഓഫ് തൃപ്പൂണിത്തുറയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായുള്ള വേനലവധി ക്യാമ്പ് രാവിലെ 9ന്.

## പെരുമ്പാവൂർ

■ **ശ്രീധർമ്മശാസ്താ ക്ഷേത്രം :** തിരുവുത്സവം- വൈകിട്ട് 6 മുതൽ.

## വരാപ്പുഴ

■ **ആലങ്ങോട് തിരുവാലൂർ മഹാദേവ ക്ഷേത്രം :** ഉത്സവം – രാത്രി 7 മുതൽ.


## തിരുവൈരാണിക്കുളം

■ **കൈലാസം വെൽനസ് പാർക്ക് :** തിരുവൈരാണിക്കുളം ഫെസ്റ്റ് വൈകിട്ട് 6.30 മുതൽ രാത്രി 10 വരെ.

# സമ്മതിദാനാവകാശം വിനിയോഗിച്ച് സ്ഥാനാർഥികൾ



കളമശേരി നിയോജകമണ്ഡലം എൽഡിഎഫ് സ്ഥാനാർത്ഥി പി രാജീവ് ബൂത്ത് നമ്പർ 191 അംബേദ്കർ ട്രെയ്നിംഗ് സെന്ററിൽ വോട്ട് ചെയ്യാനെത്തിയപ്പോൾ



ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ്ബ് കുന്നത്ത്നാട് നിയോജകമണ്ഡലത്തിലെ കിഴക്കമ്പലം വിലങ്ങ് ഗവ.സ്കൂളിലെ 102ാം ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയതിന് ശേഷം.



കൊച്ചി നിയോജകമണ്ഡലം ട്വന്റി20എൻഡിഎ സ്ഥാനാർത്ഥി അഡ്വ. സെവ്യർ ജൂലപ്പൻ പള്ളുരുത്തി സെന്റ് തോമസ് സ്കൂളിലെ 132ാം നമ്പർ ബൂത്തിൽ കുംടുംബസമേതം എത്തി വോട്ട് രേഖപ്പെടുത്തിയതിനു ശേഷം



തൃപ്പൂണിത്തുറ നിയോജകമണ്ഡലം ട്വന്റി20എൻഡിഎ സ്ഥാനാർത്ഥി അഞ്ജലി പി.വി പടമുകൾ ജമാഅത്ത് സിബിഎസ് സി സ്കൂളിലെ ബൂത്തിൽ ഭർത്താവ് അജിത് രാജുവുമൊത്ത് എത്തി വോട്ട് രേഖപ്പെടുത്തിയശേഷം.



തൃപ്പൂണിത്തുറ നിയോജകമണ്ഡലം യുഡിഎഫ് സ്ഥാനാർത്ഥി ദീപക് ജോയ് അയ്യപ്പൻകാവ് ശ്രീനാരായണ ഹയർസെക്കൻഡറി സ്കൂളിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി എത്തിയപ്പോൾ.



തിരുവമ്പാടി നിയോജകമണ്ഡലം ട്വന്റി20എൻഡിഎ സ്ഥാനാർത്ഥി സണ്ണി തോമസ് ബാലുശേരി കൂരാച്ചു് സെന്റ് തോമസ് എച്ച്.എസിലെ 74ാം നമ്പർ ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയ ശേഷം.



ഇരിക്കൂർ നിയോജകമണ്ഡലം ട്വന്റി20എൻഡിഎ സ്ഥാനാർത്ഥി ശ്രീനാഥ് പത്മനാഭൻ എരുവശി കെകെഎൻഎം എയുപിഎസിലെ 134ാം നമ്പർ ബൂത്തിൽ എത്തി വോട്ട് രേഖപ്പെടുത്തിയ ശേഷം

# പി.ആർ.എൽ – ജെആർഎഫ് അവസരം; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര ബഹിരാകാശ വകുപ്പിനു കീഴിലുള്ള ഫിസിക്കൽ റിസർച്ച് ലബോറട്ടറി (പി.ആർ.എൽ, അഹമ്മദാബാദ്) ജൂനിയർ റിസർച്ച് ഫെലോഷിപ്പ് (ജെആർഎഫ്) സ്ഥാനങ്ങളിലേക്ക് അപേക്ഷ ക്ഷണിച്ചു. അസ്ട്രോണമി ആൻഡ് അസ്ട്രോഫിസിക്സ്, ആറ്റമിക്-മോളിക്യുലാർ-ഒപ്റ്റിക്കൽ ഫിസിക്സ്, ജിയോസയൻസസ്, പ്ലാനറ്ററി സയൻസസ്, സോളാർ ഫിസിക്സ്, സ്പേസ് ആൻഡ് അറ്റ്മോസ്ഫെറിക് സയൻസസ്, തിയററ്റിക്കൽ ഫിസിക്സ് തുടങ്ങിയ മേഖലകളിലാണ് അവസരങ്ങൾ.

സയൻസ് അല്ലെങ്കിൽ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ കുറഞ്ഞത് 60 ശതമാനം മാർക്കോടെ ബാച്ചിലർയും മാസ്റ്റേഴ്സും ബിരുദങ്ങൾ നേടിയിരിക്കണം. ഫിസിക്സ്, എൻജിനിയറിങ് ഫിസിക്സ്, കെമിസ്ട്രി, എൻവയൺമെന്റൽ സയൻസ്, മെറ്റിയോറോളജി, ജിയോളജി, ജിയോഫിസിക്സ്, എർത്ത് സയൻസ്, ഓഷ്യനോഗ്രഫി, റിമോട്ട് സെൻസിങ് തുടങ്ങിയ വിഷയങ്ങളിലെ യോഗ്യത പരിഗണിക്കും. മാസ്റ്റേഴ്സ് ഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാം.

സി.എസ്.ഐ.ആർ.-യു.ജി.സി നെറ്റ്-ജെ ആർഎഫ്/എ.പി., യു.ജി.സി നെറ്റ്-ജെആർഎഫ്/എ.പി., ഗേറ്റ്, ജെസ്റ്റ് എന്നിവയിൽ ഏതെങ്കിലും യോഗ്യത ആവശ്യമാണ്. ഉയർന്ന പ്രായപരിധി ജൂലൈ 1ന് 28 വയസ്. ജെആർഎഫ് പ്രതിമാസം 37,000 രൂപയാണ്. രണ്ട് വർഷത്തിന് ശേഷം എസ്.ആർ.എഫ് ആയി 42,000 രൂപ ലഭിക്കും. മികവുതെളിയിക്കുന്നവർക്ക് മൂന്നാം വർഷം മുതൽ അഞ്ചാം വർഷം വരെ പ്രത്യേക അടൽ ഫെലോഷിപ്പും ലഭിക്കും. അപേക്ഷ ഏപ്രിൽ 30 വരെ www.prl.res.in/prl-eng/phd വഴി നൽകാം.

# സൗജന്യ സന്ധിമാറ്റിവയ്ക്കൽ നിർണ്ണയ ക്യാമ്പ്

**കൊച്ചി:** ഓർത്തോപീഡിക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സൗജന്യ സന്ധിമാറ്റിവയ്ക്കൽ നിർണ്ണയ ക്യാമ്പ് എറണാകുളം ലൂർദ്ദ് ആശുപത്രിയിൽ ഇന്ന് സംഘടിപ്പിക്കുന്നു.

ക്യാമ്പിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 50 പേർക്ക് മിതമായ നിരക്കിൽ സന്ധിമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്തുകൊടുക്കും. ഇന്ന് ഉച്ചയ്ക്ക് 2 മണി മുതൽ 5 വരെയാണ് ക്യാമ്പ്.

# സംസ്ഥാനത്ത് സ്ഥാനാർഥികളും പ്രമുഖരും വോട്ടു രേഖപ്പെടുത്തിയപ്പോൾ



മുഖ്യമന്ത്രി പിണറായി വിജയൻ പിണറായിയിലെ ആർ സി അമല ബേസിക് യുപി സ്കൂളിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി ഒപ്പിടുന്നു.



പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, ഭാര്യ ലക്ഷ്മിപ്രിയ, മകൾ ഉണ്ണിമായ എന്നിവർക്കൊപ്പം പറവൂർ കേസരി ബാലകൃഷ്ണപിള്ള മെമ്മോറിയൽ സർക്കാർ കോളജിൽ കുടുംബസമേതം വോട്ട് രേഖപ്പെടുത്തിയ ശേഷം .



അങ്കമാലി നിയോജകമണ്ഡലം ട്വന്റി20എൻഡിഎ സ്ഥാനാർത്ഥി പ്രോമി കുര്യാക്കോസ് നായത്തോട് ജൂനിയർ ബേസിക് സ്കൂളിലെ 135ാം നമ്പർ ബൂത്തിൽ കുടുംബ സമേതം എത്തി വോട്ട് രേഖപ്പെടുത്തിയ ശേഷം.



വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ.ആന്റണി വാലുങ്കൽ, അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇലഞ്ഞി മിറ്റം എന്നിവർ എറണാകുളം മാർക്കറ്റ് റോഡിലുള്ള സെന്റ്. മേരിസ് ഹയർ സെക്കൻഡറി സ്കൂളിൽ വോട്ട് ചെയ്തതിനു ശേഷം.



കുന്നത്തുനാട് നിയോജമണ്ഡലം ട്വന്റി20എൻഡിഎ സ്ഥാനാർത്ഥി ബാബു ദിവാകരൻ അടൂർ നിയോജകമണ്ഡലം പന്നിവിഴ ഈസ്റ്റ് എൽപിഎസിലെ 100ാം നമ്പർ ബൂത്തിൽ മകൻ മധുശ്രീയ്ക്കൊപ്പം വോട്ടു ചെയ്തതിനു ശേഷം.



തൃക്കാക്കര നിയോജക മണ്ഡലം യുഡിഎഫ് സ്ഥാനാർഥി ഉമ തോമസ് മക്കൾ വിഷ്ണു തോമസ്, വിവേക് തോമസ് മരുമകൾ ബിന്ദു തമ്പാൻ എന്നിവർക്കൊപ്പം പാലാരിവട്ടം സെന്റ് വിൻസന്റ് ഡി പോൾ സ്കൂളിൽ വോട്ട് ചെയ്തതിനു ശേഷം.



പെരുമ്പാവൂർ നിയോജകമണ്ഡലം ട്വന്റി20എൻഡിഎ സ്ഥാനാർത്ഥി ജിബി പാത്തിക്കൽ പെരുമ്പാവൂർ അല്ലപ്ര വാലാക്കര അംഗൻവാടിയിൽ 121ാം നമ്പർ ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയ ശേഷം പാർട്ടി പ്രവർത്തകർക്കൊപ്പം.

# വേനൽച്ചൂട് കൂടുന്നു; ജാഗ്രതാ നിർദ്ദേശവുമായി ദുരന്ത നിവാരണ അതോറിറ്റി

**സം**സ്ഥാനത്ത് പൊതുവെ ചൂട് വർധിച്ചു വരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശവുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും.

## പൊതുജനങ്ങൾ താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്



* രാവിലെ 11 മുതൽ വൈകുന്നേരം 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.

* ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക. പരമാവധി ശുദ്ധജലം കുടിക്കുക.

* നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ പകൽ സമയത്ത് ഒഴിവാക്കുക.

* അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

* പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതായിരിക്കും.

* പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ORS ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

* മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണ നിക്ഷേപ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) തുടങ്ങിയ ഇടങ്ങളിൽ തീപിടുത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തേണ്ടതും കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവയോട് ചേർന്ന് താമസിക്കുന്നവരും സ്ഥാപനങ്ങൾ നടത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കുക.

* ചൂട് അധികരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുണ്ട്. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വനം വകുപ്പിന്റെ നിർദേശങ്ങൾ കർശനമായി പാലിക്കണം.


* വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളവും ക്ലാസ്സ് മുറികളിൽ വായു സഞ്ചാരവും ഉറപ്പാക്കേണ്ടതാണ്. പരീക്ഷാക്കാലമായാൽ പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം.

* വിദ്യാർഥികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേകശ്രദ്ധ പുലർത്തേണ്ടതാണ്. കുട്ടികൾക്ക് കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യേണ്ടതാണ്. കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ രാവിലെ 11 മുതൽ വൈകിട്ട് 3 വരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

* അംഗനവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതാത് പഞ്ചായത്ത് അധികൃതരും അംഗനവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

* കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗങ്ങൾക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാനുള്ള സാധ്യതയുള്ളതിനാൽ ഇവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.





* ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ചസമയത്ത് സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അവർക്കു ചൂട് ഏൽക്കാതിരിക്കാൻ ഉതകുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്താൻ നിർദേശം നൽകുകയും, അതുപോലെ, ആവശ്യമെങ്കിൽ യാത്രക്കിടയിൽ അല്പസമയം വിശ്രമിക്കാനുള്ള അനുവാദം നൽകുകയും ചെയ്യേണ്ടതാണ്.

* മാധ്യമപ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥരും ഈ സമയത്ത് (11 മുതൽ 3 വരെ) കുടകൾ ഉപയോഗിക്കുകയും നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്കു കുടിവെള്ളം നൽകി നിർജലീകരണം തടയുവാൻ സഹായിക്കുക.



* പൊതുപരിപാടികൾ, സമ്മേളനങ്ങൾ എന്നിവ നടത്തുമ്പോൾ പങ്കെടുക്കുന്നവർക്ക് ആവശ്യമായ കുടിവെള്ളം, തണൽ എന്നിവ ലഭ്യമാണെന്ന് സംഘാടകർ ഉറപ്പുവരുത്തുക. പകൽ 11 മുതൽ വൈകുന്നേരം 3 വരെ കഴിവതും സമ്മേളനങ്ങൾ ഒഴിവാക്കുക.

* യാത്രയിലേർപ്പെടുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാകും നല്ലത്. വെള്ളം കയ്യിൽ കരുതുക.

* നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ ജോലി സമയം ക്രമീകരിക്കുക. ജോലിയിൽ ആവശ്യമായ വിശ്രമം ഉറപ്പ് വരുത്തുക.

* ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജല ലഭ്യത ഉറപ്പാക്കുക.

* കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല.

* ജലം പാഴാക്കാതെ ഉപയോഗിക്കാനും മഴ ലഭിക്കുമ്പോൾ പരമാവധി ജലം സംഭരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. നിർജലീകരണം തടയാൻ കുടിവെള്ളം എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കയ്യിൽ കരുതുക.

* അസ്വസ്ഥകൾ അനുഭവപ്പെട്ടാൽ ഉടനെ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക.

* കാലാവസ്ഥ വകുപ്പിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും ഔദ്യോഗിക മുന്നറിയിപ്പുകൾ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുക.





തൃക്കാക്കര നിയോജകമണ്ഡലം ടന്റി 20എൻഡിഎ സ്ഥാനാർത്ഥി അഖിൽ മാരാർ കൊട്ടാരക്കര, കോട്ടാത്തല എൽപി സ്കൂളിലെ ബൂത്തിൽ വോട്ടു ചെയ്യുന്നതിനായി ക്യൂവിൽ നിൽക്കുന്നു



തൃക്കരിപ്പൂർ നിയോജകമണ്ഡലം ടന്റി20എൻഡിഎ സ്ഥാനാർത്ഥി രവി കുളങ്ങര തൃക്കരിപ്പൂർ വെള്ളപ്പൊയിൽ എൽപിസ്കൂൾ 141ാം നമ്പർ ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയതിന് ശേഷം



ഏറ്റുമാനൂർ നിയോജകമണ്ഡലം ടന്റി20എൻഡിഎ സ്ഥാനാർത്ഥി ആതിര ഡി. നായർ പുന്നത്തുറ ഗവ. യുപി സ്കൂളിലെ 60ാം നമ്പർ ബൂത്തിൽ വോട്ട് ചെയ്തതിന് ശേഷം.



വൈപ്പിൻ നിയോജകമണ്ഡലം ടന്റി20എൻഡിഎ സ്ഥാനാർത്ഥി അനിത തോമസ് കടവന്ത്ര ഗിരി നഗർ എൽപിസ്കൂളിലെ ബൂത്തിൽ വോട്ട് ചെയ്ത ശേഷം.



പിറവം നിയോജകമണ്ഡലം ടന്റി20എൻഡിഎ സ്ഥാനാർത്ഥി ജിബി അബ്രഹാം തിരുവാണിയൂർ വെട്ടിക്കൽ ഒളൻ അങ്കണവാടി 56ാം നമ്പർ ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയ ശേഷം



കൊടുങ്ങല്ലൂർ നിയോജകമണ്ഡലം ടന്റി 20എൻഡിഎ സ്ഥാനാർത്ഥി ഡോ.വർഗ്ഗീസ് ജോർജ്ജ് കളമശേരി കേരഫെഡിലെ 205ാം നമ്പർ ബൂത്തിൽ വോട്ടു രേഖപ്പെടുത്തിയ ശേഷം



ചാലക്കുടി നിയോജക മണ്ഡലം ടന്റി20 -എൻഡിഎ സ്ഥാനാർത്ഥി അഡ്വ.ചാർളിപോൾ ഭാര്യ ഡോ. ഡിന്നി മാത്യുവിനൊപ്പം പാലാരിവട്ടം സെന്റ് ജോൺ ബാപ്റ്റിസ്റ്റ് ചർച്ച്, ജൂബിലി ഹാളിൽ (ബൂത്ത് 70) വോട്ട് ചെയ്തതിനു ശേഷം.



മൂവാറ്റുപുഴ നിയോജകമണ്ഡലം ടന്റി20-എൻഡിഎ സ്ഥാനാർത്ഥി സണ്ണി കടൂത്താഴെ കോതമംഗലം ചേലാട് ബെത് സാനിയ സ്കൂളിലെ 68ാം നമ്പർ ബൂത്തിൽ കടുംബസമേതം എത്തി വോട്ട് രേഖപ്പെടുത്തിയ ശേഷം. ബിജെപി മണ്ഡലം ജനറൽ സെക്രട്ടറി കെ പി തങ്കകുട്ടൻ, ടന്റി ടന്റി നിയോജക മണ്ഡലം പ്രസിഡന്റ് അഡ്വ. ചാൾസ് പോൾ, വൈസ് പ്രസിഡന്റ് മാർ ആയ അഡ്വ ഹിസ്റ്റി എം സാനി, ഡോക്ടർ ഷർമ്മിള, ബെന്നി തോമസ് എന്നിവർ സമീപം



പുനലൂർ നിയോജകമണ്ഡലം ടന്റി20എൻഡിഎ സ്ഥാനാർത്ഥി അഡ്വ. രഘുനാഥ് കമുകുംഞ്ചേരി പത്തനാപുരം കമുകുംഞ്ചേരി ഗവ.എൽപിഎസ് സ്കൂളിൽ 112ാം നമ്പർ ബൂത്തിൽ വോട്ട് രേഖപ്പെടുത്താൻ ക്യൂവിൽ നിൽക്കുന്നു.



ഐസിഎൽ ഫിൻകോർപ് CMD അഡ്വക്കേറ്റ് കെ ജി അനിൽ കുമാറും ഭാര്യയും ഐസിഎൽ ഫിൻകോർപ് ഹോൾടൈം ഡയറക്ടറുമായ ഉമാ അനിൽകുമാർ കുമാറും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ തങ്ങളുടെ സമ്മതിദാന അവകാശം രേഖപ്പെടുത്തി.

# പകുത്ത് നൽകിയ ഹൃദയം വീണ്ടുമിടിച്ചു തുടങ്ങി; 15 കാരിക്ക് പുതുജീവൻ



**കൊച്ചി:** പകുത്ത് നൽകിയ ഹൃദയം വീണ്ടുമിടിച്ചു തുടങ്ങി മസ്തിഷ്ക മരണം സംഭവിച്ച കിളിമാനൂർ സ്വദേശിയായ ജയി ജയകുമാറിന്റെ ഹൃദയമാണ് മലപ്പുറം സ്വദേശിയായ 15 കാരിക്ക് പുതു ജീവനേകിയത്.

ലിസി ആശുപത്രിയിൽ ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ. അഞ്ച് വർഷങ്ങൾക്ക് മുമ്പാണ് കുട്ടിക്ക് ഹൃദയ സംബന്ധമായ തകാരാർ ഉണ്ടെന്ന് കണ്ടെത്തിയത്. ഹൃദയത്തിന്റെ വലതു വശത്തെ അറകൾ ക്രമാതീതമായി വികസിക്കുന്ന അസുഖമായിരുന്നു കുട്ടിക്ക് ഉണ്ടായിരുന്നത്. ഹൃദയം മാറ്റിവയ്ക്കലാണ് ഏക പോംവഴിയെന്ന് ഡോക്ടർമാർ പറഞ്ഞതിനെ തുടർന്നാണ് ലിസി ആശുപത്രിയിൽ എത്തിയത്. കഴിഞ്ഞ മാസം സംസ്ഥാന സർക്കാർ സംവിധാനമായ കെ-സോട്ടോയിൽ രജിസ്റ്റർ ചെയതെങ്കിലും വേഗത്തിൽ ഹൃദയം ലഭിക്കുവാൻ സാധ്യത തേടി ചെന്നയിലെ ആശുപത്രിയിലേക്ക് പോകുകയായിരുന്നു.

ബുധനാഴ്ച രാത്രിയോടെ കെ-സോട്ടോയിൽ നിന്നും അവയവദാനത്തിന്റെ അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് കുട്ടിയുടെ മാതാപിതാക്കളെ വിവരം അറിയിക്കുകയായിരുന്നു. തുടർന്ന് അവർ വിമാന മാർഗ്ഗം ചെന്നയിൽ നിന്നും രാവിലെ ലിസി ആശുപത്രിയിൽ എത്തിച്ചേർന്നു.

വ്യാഴാഴ്ച പുലർച്ചെ നാല്മണിയോടെ ഡോ. ജീവേഷ് തോമസ്, ഡോ. ജോ ജോസഫ്, ഡോ. അരുൺ ജോർജ് എന്നിവരുടെ നേതൃത്വത്തിലൂടെ മെഡിക്കൽ സംഘം തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു.

സംസ്ഥാന സർക്കാർ വാടകക്ക് എടുത്തിരിക്കുന്ന ഹെലികോപ്റ്ററിൽ മെഡിക്കൽ സംഘം ഉച്ചക്ക് 1.45ന് തിരുവനന്തപുരത്ത് നിന്നും ഹൃദയവുമായി പുറപ്പെട്ട് 2.40 ന് ഗ്രാന്റ് ഹയാത്ത് ഹോട്ടലിന്റെ ഹെലിപ്പാടിൽ എത്തിച്ചേരുകയും പോലീസ് സേന ഒരുക്കിയ ഗ്രീൻ കോറിഡോറിലുടെ നാല് മിനിറ്റ് കൊണ്ട് ലിസി ആശുപത്രിയിൽ എത്തി ശസ്ത്രക്രിയ ആരംഭിക്കുകയും ചെയ്തു. 5.30-ഓടെ ഹൃദയം വീണ്ടും സ്പന്ദിച്ചു തുടങ്ങി. 9 മണിയോടെ ശസ്ത്രിക്രിയ പൂർത്തിയാക്കി. അടുത്ത 48 മണിക്കുർ ശസ്ത്രക്രിയപോലെ തന്നെ പ്രധാനപ്പെട്ടതാണന്ന് ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു.

ഡോ. ജേക്കബ് എബ്രഹാം, ഡോ. ഭാസ്ക്കർ രംഗനാഥൻ, ഡോ. പി. മുരുകൻ, ഡോ.ജോബ് വിൽസൺ, ഡോ.ഗ്രേസ് മരിയ, ഡോ. ആന്റണി ജോർജ്, ഡോ. ആയിഷ നാസർ, രാജി രമേഷ്, സൗമ്യ സുനീഷ് തുടങ്ങിയവർ ശസ്ത്രക്രിയയിൽ പങ്കാളികളായിരുന്നു.

ലിസി ആശുപത്രിയിലെ 32-ാമത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയായിരുന്നു ഇത്. ഒൻപത് തവണയും വ്യോമമർഗ്ഗമാണ് ഹൃദയം എത്തിച്ചത്. പൂർണ്ണമായും സൗജന്യമായിട്ടാണ് ഹെലികോപ്റ്റർ സേവനം സർക്കാർ വിട്ടു നൽകിയത്.



*തൊടുപുഴ നിയോജകമണ്ഡലം ടന്റി20എൻഡിഎ സ്ഥാനാർത്ഥി അഡ്വ. റോയി വാരികാട്ട് തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ യുപി സ്കൂളിലെ ഈസ്റ്റ് ഭാഗം ബൂത്തിൽ കുടുംബ സമേതം എത്തി വോട്ട് രേഖപ്പെടുത്തിയ ശേഷം.*



*റാന്നി നിയോജകമണ്ഡലം ടന്റി20എൻഡിഎ സ്ഥാനാർത്ഥി തോമസ് കെ. ശമുവൽ ( ബ്ലസൻ) മൂക്കന്നൂർ ജ്ഞാനാനന്ദ ഗുരുകുലം സ്കൂൾ 186ാം നമ്പർ ബൂത്തിൽ കുടുംബസമേതം എത്തി വോട്ട് രേഖപ്പെടുത്തിയതിനു ശേഷം.*

